DESPATCHED
On.22/3/22



22/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2055(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 17443/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 22**

ശ്രീ. കെ. പ്രഭാകരൻ,
സെക്രട്ടറി, സ്വാശ്രയ,
മട്ടാഞ്ചേരി, കൊച്ചി – 682 002.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ് ക്ലാർക്ക്,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, പൊതുമരാമത്ത് വകുപ്പ്,
നിരത്ത് ഉപവിഭാഗം, എറണാകുളം – 682 021.

2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ്, നിരത്തുകൾ ഉപവിഭാഗം,
എറണാകുളം – 682 021.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 05/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 14/12/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 22/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 28/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/03/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: എസ്.പി.ഐ.ഒ. | ഹാജരായി – ആഡിയോ ഹാജരായി |

## ഉത്തരവ്

ശ്രീ. കെ. പ്രഭാകരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും ലഭിച്ച മറുപടി തികച്ചും നിയമവിരുദ്ധമാണെന്നും ആയതിനാൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാൻ ഉത്തരവുണ്ടാകണമെന്നും

മറുപടി നൽകുന്നതിൽ മന:പ്പൂർവ്വം കാലതാമസം വരുത്തിയ ഉദ്യോഗസ്ഥനെ മാതൃകാപരമായി ശിക്ഷിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. കൊച്ചി പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിൽ 2020-21 കാലഘട്ടത്തിൽ 2020 മാർച്ച് മുതൽ 2021 മേയ് മാസം വരെ നടപ്പിൽ വരുത്തിയ ബി.എം & ബി.സി. വർക്കുകളുടെ പേര്, തുക, ഏറ്റെടുത്ത കരാറുകാരന്റെ പേര്, റോഡിന്റെ പേര് എന്നിവ കമ്പ്യൂട്ടറിൽ നിന്നും ലഭ്യമാക്കണമെന്നും

ii. മേൽപ്പടി വർക്കുകളെ സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് നൽകിയ റിപ്പോർട്ടുകളുടെ പകർപ്പ് നൽകണമെന്നും

iii. ചീഫ് ടെക്നിക്കൽ ഓഫീസർ പുളിമൂട് തിരുവനന്തപുരം ഏതെല്ലാം വർക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കി എന്ന വിശദമായ വിവരം/രേഖ നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 25.08.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാന്റെ അപേക്ഷയിലെ 1, 2, 3, 4 & 5 എന്നിവയിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വളരെ ബൃഹത്തായതും ടി ഓഫീസിലെ കമ്പ്യൂട്ടറുകളിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തവയുമാണെന്നും ടി വിവരങ്ങൾ ഓഫീസിലെ നിരവധിയായ ഫയലുകളിൽ ഉൾപ്പെട്ടവയാണെന്നും ടി വിവരങ്ങൾ ലഭ്യമാക്കണമെങ്കിൽ വളരെയധികം സമയം അതിനായി മാറ്റിവയ്ക്കേണ്ടതായിട്ടുള്ളതിനാൽ ആയത് ടി ഓഫീസിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നും അത് പൊതുതാത്പര്യത്തിന് വിരുദ്ധമാണെന്നും ഏതെങ്കിലും ഒരു പ്രത്യേക പ്രവൃത്തിയെക്കുറിച്ചുള്ള വിവരമാണ് ആവശ്യമുള്ളതെങ്കിൽ ആയത് സംബന്ധിച്ച മുഴുവൻ വിവരങ്ങളും നൽകുന്നതാണെന്നും ടിയാന്റെ അപേക്ഷയിലെ വിവരങ്ങൾ തന്നെയാണ് ലഭിക്കേണ്ടതെങ്കിൽ ഇത് സംബന്ധിച്ച രേഖകൾ പരിശോധിക്കുന്നതിനും, ആവശ്യമുള്ള രേഖകളുടെ കുറിപ്പുകൾ/ പകർപ്പുകൾ എടുക്കുന്നതിനുമുള്ള സൗകര്യം ചെയ്തു നൽകുന്നതാണെന്നുമാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ 05.11.2021 തീയതി ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷ ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരിവച്ചുകൊണ്ട് 14.12.2021 തീയതി രണ്ടാം എതിർകക്ഷി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചതായി കാണുന്നു.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. കെ. പ്രഭാകരൻ സമർപ്പിച്ച 28.7.2021 തീയതിയിലെ അപേക്ഷയിൽ 2020 മാർച്ച് മാസം മുതൽ 2021 മേയ് മാസം വരെ ടി കാര്യാലയത്തിന് കീഴിൽ നടത്തിയ ബി.എം & ബി.സി. പ്രവൃത്തികൾ, വി.വി.ഐ.പി. വിസിറ്റ് പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഒരു വർഷത്തിന് മുകളിൽ കാലയളവിലേതും, ടി കാര്യാലയത്തിലെ നിരവധിയായ ഫയലുകളിൽ ഉൾപ്പെട്ടതും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തവയുമായിരുന്നു എന്നും ആയതിനാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിനും, ആവശ്യമായവയുടെ കുറിപ്പുകൾ/പകർപ്പുകൾ എടുക്കുന്നതിനുമുള്ള സൗകര്യം ചെയ്തു നൽകുന്നതാണെന്നും അതിനായി 3.9.2021 തീയതി ഹാജരാകാവുന്നതാണെന്നും അപേക്ഷകനെ എസ്.പി.ഐ.ഒ. 25.8.2021 തീയതിയിൽ അറിയിച്ചിരുന്നു എന്നും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ചാണ് അപ്പീൽ സമർപ്പിച്ചതെന്നും തുടർന്ന് ടിയാനെ നേരിൽ കേൾക്കുന്നതിനായി അറിയിപ്പ് നൽകിയിട്ടും ടിയാൻ ഹാജരാകാതിരുന്നതിനെ തുടർന്ന് എസ്.പി.ഐ.ഒ.യെ മാത്രം നേരിൽ കേട്ടാണ് അപ്പീൽ അപേക്ഷ തീർപ്പാക്കിയതെന്നും അപേക്ഷയിൽ പറഞ്ഞിരുന്നതുപോലെ ടി ഓഫീസ് പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരണം നടത്തിയിട്ടുള്ള ഓഫീസ് അല്ലെന്നും അപേക്ഷകൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ കമ്പ്യൂട്ടറിൽ നിന്നും ലഭ്യമാകുന്നവയായിരുന്നില്ല എന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഓഫീസിലെ നിരവധിയായ ഫയലുകൾ പരിശോധിച്ചാൽ മാത്രമേ ലഭ്യമാവുകയുള്ളു എന്നും കോവിഡ്-19 മഹാമാരിയുടെ വ്യാപനം മൂലം വരെയധികം പ്രവൃത്തി ദിനങ്ങൾ നഷ്ടപ്പെട്ടത് മൂലം ഉണ്ടായ ജോലി ഭാരത്താൽ ടി ഓഫീസിലെ ദൈനംദിന പ്രവർത്തനങ്ങൾ തന്നെ ബുദ്ധിമുട്ടിലായിരുന്ന സമയത്തായിരുന്നു അപേക്ഷകന്റെ അപേക്ഷ ലഭിച്ചതെന്നും പ്രസ്തുത ഫയലുകൾ കൈകാര്യം ചെയ്യുന്നതിനായി ആകെ രണ്ട് ഡ്രാഫ്റ്റ്സ്മാൻ മാത്രമാണ് ഉണ്ടായിരുന്നതെന്നും അതിൽ ഒരാൾ പ്രൊബേഷണറും ആയിരുന്നു എന്നും രണ്ട് നിയമസഭാ മണ്ഡലങ്ങളിലായി എറണാകുളം, മട്ടാഞ്ചേരി, തൃപ്പൂണിത്തുറ, മുളന്തുരുത്തി എന്നീ നാല് സെക്ഷനുകളുടെ കീഴിൽ വരുന്ന മുഴുവൻ പ്രവൃത്തികളും കേവലം രണ്ട് ഡ്രാഫ്റ്റ്സ്മാൻമാരാണ് കൈകാര്യം ചെയ്തു വന്നിരുന്നതെന്നും ആവശ്യമുള്ള രേഖകൾ ലഭ്യമാക്കുന്നതിനായാണ് ഫയൽ പരിശോധിക്കുവാൻ ഹർജിക്കാരന് അവസരം നൽകി എസ്.പി.ഐ.ഒ. കത്ത് നൽകിയതെന്നും മറിച്ച് അപേക്ഷകനെ ബുദ്ധിമുട്ടിക്കുന്നതിന് വേണ്ടിയായിരുന്നില്ലെന്നും ടി കാര്യാലയത്തിൽ ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾക്കെല്ലാം യഥാസമയം മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും, ഹർജിക്കാരൻ പറയുന്നതുപോലെ കമ്പ്യൂട്ടറിൽ നിന്നും ലഭ്യമാകുന്നവയായിരുന്നില്ല എന്ന് കാണുന്നു. മാത്രമല്ല 2020 മാർച്ച് മാസം മുതൽ 2021 മേയ് മാസം വരെ നടത്തിയ ബി.എം & ബി.സി. പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ ടി കാര്യാലയത്തിലെ നിരവധിയായ ഫയലുകളിൽ ഉൾപ്പെട്ടവയായതിനാലും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തവ ആയിരുന്നതിനാലുമാണ് രേഖകൾ നേരിട്ട് പരിശോധിക്കാൻ അവസരം നൽകികൊണ്ട് ഹർജിക്കാരന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നത്. ആയതിനാൽ മന:പൂർവ്വമായോ ബോധപൂർവ്വമായോ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നിഷേധിക്കാൻ എതിർകക്ഷികൾ ശ്രമിച്ചിട്ടില്ല എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ക്രോഡീകരിച്ച് നൽകുന്നത് പരിമിതമായ ജീവനക്കാരുള്ള ടി സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുകയും ആയത് ടി സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങൾക്ക് നൽകി വരുന്ന മറ്റ് സേവനങ്ങളെ ദോഷകരമായി ബാധിക്കുമെന്നും കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപാകതയില്ലെന്ന് വിലയിരുത്തിയും ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനും പകർപ്പുകൾ എടുക്കുന്നതിനുമുള്ള അവസരം ഒരിക്കൽ കൂടി എതിർകക്ഷികൾ ഹർജിക്കാരനോ ടിയാന്റെ പ്രതിനിധിക്കോ അനുവദിക്കേണ്ടതാണെന്നും ഏതെങ്കിലും ഒരു പ്രത്യേക വർക്കിനെ സംബന്ധിച്ച് വ്യക്തമായ അപേക്ഷ നൽകിയാൽ ആയതിന് സമയബന്ധിതമായി മറുപടി നൽകേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 22-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION • THIRUVANANTHAPURAM

us